**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **07-02-2023 - ൽ മറുപടിയ്ക്ക്**

**കാവിൻ മുനമ്പ് പാലം നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ച കാവിൻ മുനമ്പ് പാലം നിർമാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻമുനമ്പ് പാലം നിർമ്മാണത്തിനായി 35 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് 59.98 കോടി രൂപയുടെ സാമ്പത്തികാനുമതി 26.02.2021 ന് ലഭ്യമായിട്ടുണ്ട്. തുടർന്ന് ഇതിനോടൊപ്പം കിഫ്ബിയിൽ നിന്നും ലഭ്യമായ ഡീറ്റയിൽഡ് അപ്രൈസൽ റിപ്പോർട്ട് പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി, റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് രൂപകൽപന വിഭാഗത്തിന് 28/12/2022 ൽ നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായാലുടൻ കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കി, തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ